**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **22-01-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ മഹാപ്രളയങ്ങളിൽ കന്നുകാലികളെയും, കോഴി, താറാവ് അടക്കമുള്ള ഫാമുകളും നഷ്ടപ്പെട്ടുകയും നശിച്ചു പോവുകയും ചെയ്ത കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ₹ 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിൽ ₹2,68,13,400/- രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000/- രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. 2019 ലെ പ്രളയത്തിൽ അടിയന്തിര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ